സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :29-10-2022
Email - swdkerala@gmail.com
Phone - 0471 – 2306040

SJD/4062/2022-E7

## വിജ്ഞാപനം-2

## walk in interview-കരാർ വ്യവസ്ഥയിൽ നിയമനം

അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളെയും പാസ്സ്പോർട്ട് കാലാവധി, വിസ കാലാവധി എന്നിവ തീർന്നതിനു ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്നവരും ശിക്ഷ കാലാവധി കഴിഞ്ഞു ജയിൽ മോചിതരാകുന്നവരും, പരോളിൽ പോകുന്നവരും, മറ്റു വിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശ പൗരൻമാർക്കായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ കൊല്ലം ജില്ലയിൽ മയ്യനാട് പഞ്ചായത്തിൽ സ്ഥാപിതമാകുന്ന ട്രാൻസിറ്റ് ഹോമിലെ വിവിധ തസ്തികകളിലെ ഒഴിവുകളിലേക്ക് ഒരു വർഷത്തേക്ക് കരാർ/ദിവസ വേതന വ്യവസ്ഥയിൽ വാക്ക്-ഇൻ-ഇന്റർവ്യൂ (walk in interview) മുഖേന നിയമനം നടത്തുന്നു. ആയതിനു താൽപ്പര്യം ഉള്ള പുരുഷന്മാരായ ഉദ്യോഗാർത്ഥികൾ വാക്ക് ഇൻ ഇന്റർവ്യൂ-വിൽ പങ്കെടുക്കുവാൻ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതിയിൽ, നിശ്ചയിച്ചിട്ടുള്ള സമയത്ത്, ബന്ധപ്പെട്ട യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പും സഹിതം **സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, 5ാം നില പി.എം.ജി തിരുവനന്തപുരം** എന്ന കാര്യാലയത്തിൽ എത്തിച്ചേരുകയും വാക്ക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതുമാണ്. കൊല്ലം ജില്ലയിലെ മയ്യനാട്, ആദിച്ചനെല്ലൂർ, തൃക്കോവിൽവട്ടം എന്നീ ഗ്രാമപഞ്ചായത്തുകളിലേയും കൊല്ലം കോർപ്പറേഷനിലേയും സ്ഥിര താമസക്കാരായ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന ഉണ്ടായിരിക്കും.

| ക്രമ നം. | തസ്തികയുടെ പേര് Walk in interview Time & Date | യോഗ്യത | പ്രായപരിധി | ഒഴിവുകളുടെ എണ്ണം | പ്രതിമാസ വേതനം |
|---|---|---|---|---|---|
| 1. | കെയർടേക്കർ<br><br>9/11/2022<br>രാവിലെ 10.30 മുതൽ 11.30 മണി വരെ | ഏതെങ്കിലും വിഷയത്തിൽ ഉള്ള ബിരുദവും, മുൻ പ്രവർത്തി പരിചയവും ഉണ്ടായിരിക്കണം. GNM/ ANM യോഗ്യത ഉള്ളവരെയും പരിഗണിക്കുന്നതായിരിക്കും | 25-45 നും ഇടയിൽ | 1 | 18,390/- കരാർ നിയമനം (1 വർഷം ) |
| 2. | കുക്ക്<br><br>9/11/2022<br>ഉച്ചക്ക് 1.30 മുതൽ | ഹോട്ടൽ മാനേജ്മെൻറിലുള്ള ബിരുദം. ഇന്റർ കോൺഡിനെന്റൽ ഭക്ഷണങ്ങൾ പാകം ചെയ്യാനുള്ള കഴിവും, | 25- 45 നും ഇടയിൽ | 1 | ദിവസ വേതനം 675/- |

| | | | | | |
|---|---|---|---|---|---|
| | 2.30 മണി വരെ | പ്രവർത്തി പരിചയവും, ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവിണ്യവും അഭികാമ്യം. | | | |
| 3. | എം.റ്റി സ്റ്റാഫ്/ കാഷ്വൽ സ്വീപ്പർ<br>10/11/2022 രാവിലെ 10.30 മുതൽ 11.30 മണി വരെ | SSLC പാസ്, പ്രവർത്തി പരിചയം.<br>നല്ല ആരോഗ്യ ക്ഷമത ഉള്ളവരായിരിക്കണം | 25-45 നും ഇടയിൽ | 1 | ദിവസ വേതനം 675/- |
| 4. | ഗേറ്റ് കീപ്പർ<br>10/11/2022 ഉച്ചയ്ക്ക് 1.30 മുതൽ 2.30 മണി വരെ | SSLC പാസ്, നല്ല ആരോഗ്യ ക്ഷമത ഉള്ളവരായിരിക്കണം. എക്സ് സർവീസ് മെന്നിന (Ex Service men) മുൻഗണന | 25-45 നും ഇടയിൽ | 2 | ദിവസ വേതനം 675/- |

എം.അഞ്ജന.ഐ.എ.എസ്

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

പകർപ്പ് :-

എഫ് സെക്ഷൻ സൂപ്രണ്ട് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

അംഗീകാരത്തോടെ,

SUBASH KUMAR

SUBHASH KUMAR K V
Joint Director (PEN 211647)
Directorate of Social Justice
Thiruvananthapuram-33.